നം: ഇ.എക്സ്.എ4/25103/2015/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം- 695 012
തീയതി: 30/04/2015.

# സർക്കുലർ

വിഷയം:- 2015 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ **പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി** എന്നിവയ്ക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:-16/10/2014-ാം തീയതിയിലെ ഇ.എക്സ്/സി.ജനറൽ(1) 58900/14/സി.ജി.ഇ നമ്പർ വിജ്ഞാപനം

2015 മാർച്ച്എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് ആയതിനുള്ള ഓൺലൈൻ അപേക്ഷകൾ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapareekshabhavan.in ൽ 30/04/2015 മുതൽ 08/05/2015 ഉച്ച്ക്ക് ഒരു മണിവരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. പരീക്ഷാർത്ഥികൾ രജിസ്ട്രേഷൻ നടത്തിയതിന്റെ പ്രിന്റൗട്ടും അപേക്ഷാ ഫീസും പരീക്ഷ എഴുതിയ സെന്ററിലെ പ്രഥമാദ്ധ്യാപകന് മെയ് 8 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്. ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് പേപപ്പർ ഒന്നിന് 400/- രൂപ, ഫോട്ടോകോപ്പിക്ക് 200/- രൂപ, സ്ക്രൂട്ടിണിക്ക് 50/- രൂപ എന്ന നിരക്കിലാണ് ഫീസ് അടക്കേണ്ടത്. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിണിക്കു വേണ്ടി പ്രത്യേകം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതില്ല. **ഐ.ടി വിഷയത്തിന് പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവ ഉണ്ടായിരിക്കുന്നതല്ല.** പ്രഥമാദ്ധ്യാപകർ പരീക്ഷാർത്ഥികളിൽ നിന്നും ലഭിച്ച അപേക്ഷയുടെ പ്രിന്റൗട്ട് ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്.

**മെയ് 8 ന് ശേഷം ലഭിക്കുന്നതും അപൂർണ്ണവുമായ വിവരങ്ങൾ അടങ്ങിയ അപേക്ഷകൾ യാതൊരു കാരണവശാലും ഹെഡ്മാസ്റ്റർമാർ സ്വീകരിക്കുവാൻ പാടുള്ളതല്ല.**

പുനർമൂല്യനിർണ്ണയം നടത്തിയതിനെ തുടർന്ന് ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് പരീക്ഷാർത്ഥിക്ക് തിരികെ നൽകുന്നതാണ്. ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭിച്ചതിനു ശേഷം പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുവാൻ അർഹതയില്ല. എന്നാൽ മൂല്യനിർണ്ണയം ചെയ്യാത്ത ഉത്തരങ്ങൾ, സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിച്ചു കിട്ടുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിക്ക് അപേക്ഷ നൽകാവുന്നതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## പ്രഥമാദ്ധ്യാപകർക്കുള്ള ചുമതലകൾ

ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ ശേഷം അപേക്ഷകൾ സമർപ്പിക്കുന്ന പ്രിന്റൗട്ടിലെ വിവരങ്ങൾ പ്രഥമാദ്ധ്യാപകർ ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതാണ്. അപേക്ഷകൾ ലഭിക്കുന്ന അന്നുതന്നെ ഓൺലൈൻ വെരിഫിക്കേഷനും നടത്താവുന്നതാണ്. **പ്രഥമാദ്ധ്യാപകർ ഓൺലൈൻ വെരിഫിക്കേഷനും കൺഫർമേഷനും നടത്താത്ത അപേക്ഷകൾ പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല.** ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാകുന്ന 08/05/2015 ന് തന്നെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന 3 സ്റ്റേറ്റ്മെന്റുകളുടെ പ്രിന്റൗട്ട് (റീവാല്യുവേഷൻ, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി) പ്രഥമാദ്ധ്യാപകർ Counter Sign ചെയത് ജില്ലാവിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥികളിൽ നിന്നും ലഭിക്കുന്ന ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

അപേക്ഷകരിൽ നിന്നും പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ സ്വീകരിച്ച ഫീസ്, ഗ്രേഡ്മാറ്റം മൂലം തിരികെ നൽകിയ തുക മുതലായ

വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ഓരോ സ്കൂളിലും സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. പരീക്ഷാർത്ഥിക്ക് പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് തിരികെ നൽകേണ്ടതാണ്. 28/09/2012-ാം തീയതിയിലെ സർക്കാർ ഉത്തരവ് നം.4611/2012/പൊ.വി.വ പ്രകാരം ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ നിന്നും പുനർമൂല്യനിർണ്ണയം നടത്തിയതനുസരിച്ച് ഗ്രേഡിൽ മാറ്റം വന്ന കേസുകൾക്കുള്ള തുക ബന്ധപ്പെട്ട പരീക്ഷാർത്ഥികൾക്ക് തിരിച്ചു നൽകിയതിനു ശേഷം ബാക്കിയുള്ള തുക പ്രഥമാദ്ധ്യാപകർ "0202-01-102-99 other receipts" എന്ന കണക്കുശീർഷകത്തിൽ ചെലാൻ മുഖേന അടക്കേണ്ടതും ആയതിന്റെ ഫോട്ടോകോപ്പി (സ്വയം സാക്ഷ്യപ്പെടുത്തിയത്) ഈ സർക്കുലറിനൊപ്പമുള്ള സ്റ്റേറ്റ്മെന്റ് സഹിതം 30/06/2015 - നകം രജിസ്റ്റേർഡ് പോസ്റ്റായി **സൂപ്രണ്ട് എ-സെക്ഷൻ പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12** എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. കൂടാതെ ആയതിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസർക്കും സമർപ്പിക്കേണ്ടതാണ്. പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോ കോപ്പി ഇനങ്ങളിലായി ശേഖരിക്കുന്ന ഫീസ് തുക യാതൊരു കാരണവശാലും 30/06/2015 നു ശേഷം കൈവശം സൂക്ഷിക്കുവാൻ പാടുള്ളതല്ല. മുൻവർഷം ചില സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ നിശ്ചിത സമയപരിധിക്കുള്ളിൽ തുക അടച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 30/06/2015 - നകം തുക അടക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും 18% പലിശ സഹിതം തുക ഈടാക്കുന്നതും ബന്ധപ്പെട്ടവരുടെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. ജില്ലാവിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ വാർഷിക പരിശോധയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ സ്കൂളിൽ നിന്നും പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷകർ ഇല്ലായിരുന്നെങ്കിൽ അക്കാര്യം വ്യക്തമാക്കി ഒരു ശൂന്യറിപ്പോർട്ടും മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പ്രഥമാദ്ധ്യാപകർ പരീക്ഷാഭവനിലേക്കും ജില്ലാവിദ്യാഭ്യാസ ആഫീസർക്കും അയക്കേണ്ടതാണ്.

## <u>പ്രഥമാദ്ധ്യാപകർ അപേക്ഷ കൺഫേം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

1. www.sslcexamkerala.gov.in എന്ന വെബ്സൈറ്റിലെ HM Login വഴി Login ചെയ്തുകഴിയുമ്പോൾ Revaluation/Photocopy/Scruitiny എന്നിവയ്ക്കു വേണ്ടി ആ സ്കൂളിൽ നിന്നും അപേക്ഷിച്ചവരുടെ ലിസ്റ്റ് ലഭ്യമാകും. പരീക്ഷാർത്ഥികൾ സമർപ്പിച്ച പ്രിന്റൗട്ട് ഇതുമായി ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പുവരുത്തിയ ശേഷം ഓരോന്നായി വെരിഫൈ ചെയ്യണം. ഒരിക്കൽ വെരിഫൈ ചെയ്താൽ പിന്നെ ആ അപേക്ഷയിൽ മാറ്റം വരുത്താൻ സാധിക്കുന്നതല്ല..
2. "Verification Button" ക്ലിക്ക് ചെയ്യുമ്പോൾ ആ സ്കൂളിൽ നിന്ന് റീവാല്യുവേഷൻ/ഫോട്ടോകോപ്പി/സ്ക്രൂട്ടിണി എന്നിവയ്ക്ക് അപേക്ഷിച്ചിട്ടുള്ള വരുടെ ലിസ്റ്റ് കാണാനും അതിൽ പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ, പേര് തുടങ്ങിയവ വെരിഫൈ ചെയ്തോ ഇല്ലയോ എന്നുള്ളതിന്റെ സ്റ്റാറ്റസ് അറിയുവാനും കഴിയും. **View button** ൽ ക്ലിക്ക് ചെയ്ത് ആ പരീക്ഷാർത്ഥി റീവാല്യുവേഷൻ/ഫോട്ടോകോപ്പി/സ്ക്രൂട്ടിണി എന്നിവയ്ക്ക് അപേക്ഷിച്ച വിഷയങ്ങൾ ഏതെല്ലാമാണ് എന്ന് പരിശോധിക്കാൻ സാധിക്കും. പരീക്ഷാർത്ഥി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പ്രിന്റൗട്ടും സ്ക്രീനിൽ കാണുന്ന അപേക്ഷിച്ചി ട്ടുള്ള വിഷയങ്ങളും ഒന്നാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അതിന് ശേഷം വെരിഫൈ ബട്ടൺ ക്ലിക്ക്ചെയ്ത് അപേക്ഷ കൺഫേം ചെയ്യാവുന്നതാണ്. <u>ഒരിക്കൽ കൺഫേം ചെയ്ത അപേക്ഷയിൽ പിന്നീട് മാറ്റം വരുത്താൻ സാധിക്കുക യില്ല. അപേക്ഷിച്ച വിഷയങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ കൺഫേം ചെയ്യുന്നതിന് മുമ്പ് അപേക്ഷകർ തന്നെ മാറ്റം വരുത്തേണ്ടതാണ്.</u>
3. റിപ്പോർട്ട് ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ റീവാല്യുവേഷൻ/ഫോട്ടോ കോപ്പി/സ്ക്രൂട്ടിണി എന്നിവക്കായി ആ സ്കൂളിൽ നിന്നും അപേക്ഷിച്ച പരീക്ഷാർത്ഥികളുടെ റിപ്പോർട്ടും ഇതിന്റെയെല്ലാം Abstract അടങ്ങുന്ന മറ്റൊരു റിപ്പോർട്ടും എടുക്കാനുള്ള ബട്ടണുകൾ കാണാൻ സാധിക്കും. മേൽപ്പറഞ്ഞ

ബട്ടൺ ക്ലിക്ക് ചെയ്താൽ റിപ്പോർട്ട് കാണാവുന്നതും "Click here to print" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് റിപ്പോർട്ട് പ്രിന്റ് എടുക്കാവുന്നതുമാണ്.

4. അപേക്ഷകൾ സ്കൂളിൽ ലഭിക്കുന്ന മുറയ്ക്ക് തന്നെ ഹെഡ്മാസ്റ്റർമാർ ഓൺലൈൻ കൺഫെർമേഷൻ നടത്തിതീർക്കേണ്ടതാണ്.

**(Sd/-)**

**സെക്രട്ടറി**

**എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്ക്**

(എല്ലാഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും അടിയന്തിരമായി പകർപ്പ് നൽകേണ്ടതാണ്.)